**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 485** **23-02-2022 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിലുറപ്പ് തൊഴിലാളികൾക്ക് നൽകുന്ന പ്രതിദിന വേതനം എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിലെയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെയും തൊഴിലാളികൾക്ക് പ്രതിദിന വേതനമായി 291/- രൂപയാണ് നൽകി വരുന്നത്. |
| (ബി) | പ്രസ്തുത വേതനവിതരണത്തിൽ മുടക്കം ഉണ്ടായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര കാലമായി എന്നും എന്തുകൊണ്ടാണെന്നും വിശദമാക്കുമോ; | (ബി) | അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്കുള്ള വേതന വിതരണത്തിൽ നിലവിൽ മുടക്കം ഇല്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിലുള്ള തൊഴിലാളികൾക്കുള്ള വേതന വിതരണത്തിൽ മുടക്കം ഉണ്ടായിട്ടുണ്ട്. അവിദഗ്ധ വേതനം ഈ സാമ്പത്തിക വർഷം മുതൽ എസ്.സി, എസ്.ടി, പൊതുവിഭാഗം എന്നിങ്ങനെ മൂന്നായി തിരിച്ചാണ് വിതരണം ചെയ്യുന്നത്. വിവിധ വിഭാഗത്തിന് കേന്ദ്രസർക്കാർ അനുവദിച്ചിരുന്ന വേതന ഘടകം പൂർണ്ണമായും വിനിയോഗിക്കുകയും, കേന്ദ്രം കൂടുതൽ തുക റിലീസ് ചെയ്യാതെ ഇരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ആണ് വേതന വിതരണം മുടങ്ങുന്ന സാഹചര്യം ഉണ്ടാകുന്നത്. എസ്.സി വിഭാഗത്തിന് 16.12.2021 മുതലും, എസ്.ടി വിഭാഗത്തിന് 17.01.2022 മുതലും പൊതു വിഭാഗത്തിന് 19.01.2022 മുതലുമാണ് മുടക്കം ഉണ്ടായിട്ടുള്ളത്. |
| (സി) | ജോലി പൂർത്തിയാക്കുന്ന തൊഴിലാളികൾക്ക് പ്രസ്തുത വേതനം മുടക്കം കൂടാതെ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ? | (സി) | അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള വേതനം സമയബന്ധിതമായി നൽകുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വേതന വിതരണം മുടക്കം കൂടാതെ നടത്താൻ കേന്ദ്ര സർക്കാറുമായി നിരന്തരം ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ